# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65</u> **11.06.2014 -ൽ മറുപടിയ്ക്ക്**

## ഭൂഗർഭ ജലസംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഭൂഗർഭ ജലവിതാനം ക്രമാതീതമായി താഴുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ നിരീക്ഷണ കിണറുകളിൽനിന്നും ലഭ്യമായ ഡാറ്റാ പ്രകാരം പൊതുവിൽ ഭൂജല വിതാനം ക്രമാതീതമായി താഴുന്നതായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട ചില പ്രദേശങ്ങളിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് ഭൂജല നിരപ്പിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| ബി) എങ്കിൽ ഭൂഗർഭജല റീചാർജ്ജിംഗിന് പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ; | ബി) ഉദ്ദേശിക്കുന്നുണ്ട്. ഭൂജല നിരപ്പിൽ താരതമ്യേന കുറവ് അനുഭവപ്പെടുന്ന ബ്ലോക്കുകളിൽ ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൻ കീഴിൽ അനേകം ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| സി) ഭൂഗർഭ ജലസംരക്ഷണം ലക്ഷ്യമിട്ട് തടയണകളും ഉപ പ്രതല അണകളും നിർമ്മിക്കുന്ന കാര്യത്തിൽ ആവശ്യമായ പഠനം നടത്തുമോ ? | സി) പഠനങ്ങൾ നടത്തുന്നുണ്ട്. തടയണകളും ഉപപ്രതല അണകളും നിർമ്മിക്കുന്നത് ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇതി |

നായി നിരീക്ഷണ കിണറുകളിലെ ഡാറ്റാ, ഹൈഡ്രോജിയോളജിക്കൽ, ജിയോഫിസിക്കൽ സർവേകൾ, ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ഹൈഡ്രോളജി പ്രോജക്ടിൻ കീഴിൽ വികസിപ്പിച്ച ഡി.എസ്.എസ്. (ഡിസിഷൻ സപ്പോർട്ടിംഗ് സിസ്റ്റം) എന്നീ സങ്കേതങ്ങളും അവലംബിച്ചാണ് പ്രസ്തുത കൃത്രിമ ഭൂജല സംപോഷണ നിർമ്മിതികൾ വിഭാവനം ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ